മുഴപ്പിലങ്ങാട് ബീച്ചിൽ കെ.ടി.ഡി.സി.-യുടെ ഹോട്ടൽ നിർമ്മാണം

341 (1049) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഴപ്പിലങ്ങാട് ബീച്ചിൽ നിർമ്മിക്കുന്ന കെ.ടി.ഡി.സി.യുടെ ഹോട്ടൽ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത ഭൂമിയിലേക്കുള്ള വഴി കൈവശം ലഭിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ ഹോട്ടൽ നിർമ്മാണം തുടങ്ങിയിട്ടില്ല. എന്നാൽ നേരത്തെ കൈവശാവകാശം ലഭിച്ച ഭൂമിയുടെ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായി.

(ബി) ഭൂമിയുടെ കൈവശാവകാശം പൂർണ്ണമായി ലഭിച്ച കഴിഞ്ഞാൽ 24 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ ചിറ ടൂറിസവുമായി ബന്ധപ്പെട്ട വികസനം

342 (1050) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ ചിറ ടൂറിസവുമായി ബന്ധപ്പെട്ട വികസനത്തിലേക്കായി എത്ര രൂപ അനുവദിച്ചുവെന്നും എന്നാണ് അനുവദിച്ചതെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഏറ്റെടുത്ത നിർമ്മാണ ജോലികളുടെ വിശദാംശം അറിയിക്കുമോ ; നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത സ്ഥലത്ത് ഭരണാനുമതി നൽകിയ പ്രവൃത്തികളോടൊപ്പം കൂടുതൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ടെന്ന് ബോദ്ധ്യമുണ്ടോ; എങ്കിൽ ആയതിലേക്ക് ആവശ്യമായ നടപടികൾ കൂടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോയെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly